(ബി) കേന്ദ്ര വ്യോമായന വകുപ്പുമന്ത്രിക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ പല വിദേശ എയർലൈനുകളും കൊച്ചിയിൽ നിന്നും സർവ്വീസ് നടത്തുന്നതിന് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം അറിവായിട്ടുണ്ട്. തുടർന്ന് കഴിഞ്ഞമാസം 25-ാം തീയതി ഇതു സംബന്ധിച്ച് അനുകൂലമായ തീരുമാനമുണ്ടാകേണ്ട ആവശ്യകതകൾ ആവർത്തിച്ച് പറഞ്ഞുകൊണ്ട് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(എഫ്) കൊച്ചി വിമാനത്താവളത്തിന് നമ്മൾ ദേശീയ പദവി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. നിവേദക സംഘത്തെ കേന്ദ്രത്തിലയക്കണമോ എന്നത് പരിശോധിക്കുന്നതാണ്.

(ജി) കേരളത്തിലെ എം.പി.മാരുടെ സമ്മേളനങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യുകയും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ അവരോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചി നഗരത്തിലെ അഗ്നിബാധ

112 (113) ശ്രീ. കെ മുഹമ്മദാലി :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിൽ അടുത്ത കാലത്ത് തുടരെത്തുടരെ തീപിടുത്തങ്ങൾ ഉണ്ടായകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; തീപിടുത്തത്തിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) തീ പിടുത്തം ആവർത്തിക്കാതിരിക്കാൻ എടുത്തിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) ഹൈക്കോടതിയിലുണ്ടായ തീപിടുത്തത്തിൽ എത്ര രേഖകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) പൂർത്തിയായിട്ടില്ലാത്ത കേസുകളുടെ കാര്യത്തിൽ തീപിടുത്തം എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(എഫ്) തീ പിടുത്തം മൂലം നഷ്ടം നേരിട്ടവർക്കെല്ലാം സർക്കാർ സഹായം നൽകിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ജി) തീ പിടുത്തങ്ങൾക്ക് പിന്നിൽ അട്ടിമറി ഉദ്ദേശം ഉണ്ടായിരുന്നോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 20-1-2000-ൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്നു നഗരത്തിൽ അഗ്നിബാധ ഒഴിവാക്കുന്നതിന് പഴയ ഇലക്ട്രിക്കൽ വയറിംഗ് മാറ്റി പുതിയവ സ്ഥാപിക്കുക, കടകളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുക, പുകവലി നിരോധന ബോർഡുകൾ സ്ഥാപിക്കുക, ഓഫീസുകൾക്കും, കടകൾക്കും നേരെയുള്ള അക്രമം തടയുക എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(ഡി-ജി) വിവരം ശേഖരിച്ചുവരുന്നു.

പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

113 (114) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ആവശ്യമായ സ്ഥലം പഞ്ചായത്ത് നൽകിയിട്ട് വർഷങ്ങൾ ഏറെയായി എങ്കിലും ഇതുവരെ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാറശ്ശാല പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് പാറശ്ശാല പഞ്ചായത്ത് ഫയർഫോഴ്സ് വകുപ്പിന് സ്ഥലം നൽകിയിട്ടില്ല.

(ബി) ഈ സാമ്പത്തിക വർഷം ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി സ്ഥലങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

വടകര ഫയർ സ്റ്റേഷൻ

114 (115) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ ഫയർ സ്റ്റേഷനുള്ള പ്രധാനപ്പെട്ട ഏതെങ്കിലും ഉപകരണങ്ങൾ മറ്റ് ഫയർ സ്റ്റേഷനിലേയ്ക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) അവ തിരിച്ച് വടകര എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly